ഔദ്യോഗികമായി അറിയിച്ചതിനുശേഷം അതിന്മേൽ എന്തെല്ലാം നടപടികളാണ് നാളിതുവരെ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) 44,66,562/- രൂപയോളം അപഹരിച്ച കേസിൽ വിജിലൻസ് അന്വേഷണം നടത്താതിരിക്കുന്നത് യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുന്നതിന് അവസരം ഉണ്ടാകും എന്ന കാര്യം കണക്കിലെടുത്തിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ കാലതാമസം ഉണ്ടാകുന്നത് എന്തെങ്കിലും രാഷ്ട്രീയ സമ്മർദ്ദം മൂലമാണോ;

(ഡി) എന്നത്തേയ്ക്ക് വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) വിജിലൻസ് അന്വേഷണത്തിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) അല്ല.

(ഡി) തീരുമാനമായിട്ടില്ല.

തൃശ്ശൂർ നഗരം കോർപ്പറേഷനായി ഉയർത്തുന്നത് സംബന്ധിച്ച്

123 (2180)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നഗരസഭ കോർപ്പറേഷൻ ആയി ഉയർത്തുമ്പോൾ അതിർത്തിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാം;

(ബി) നഗരം കോർപ്പറേഷനായി ഉയർത്തുന്നതുമൂലം ഉണ്ടാകുന്ന പ്രധാനപ്പെട്ട നേട്ടങ്ങൾ എന്തൊക്കെ;

(സി) തൃശ്ശൂർ നഗരസഭ ഇന്ന് നടത്തിവരുന്ന ശുദ്ധജല വിതരണം, വൈദ്യുതി വിതരണം എന്നിവ കോർപ്പറേഷനാക്കി മാറ്റുമ്പോൾ തുടർന്ന് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നഗരസഭയുമായും കോർപ്പറേഷൻ അതിർത്തിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തുകളുമായും ചർച്ച നടത്തിയിട്ടുണ്ടോ; അവരുടെ അഭിപ്രായങ്ങൾ പരിഗണിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറായിട്ടില്ല.

(ബി) പ്രസ്തുത പ്രദേശത്തെ നഗരവൽക്കരണം ത്വരിതപ്പെടുത്താൻ പര്യാപ്തമാകും.

(സി) നിലവിലുള്ള സംവിധാനത്തിൽ ഒരു മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(ഡി) കോർപ്പറേഷൻ അതിർത്തിയിൽ ഉൾപ്പെടുത്തുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചർച്ച നടത്തി അവയുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച ശേഷമായിരിക്കും നിർദ്ദിഷ്ട കോർപ്പറേഷൻ രൂപീകരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly